**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ&ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) ന്റെ നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026-ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ. തീയതി: 25/02/2017
2.സ.ഉ. (സാധാ) നം. 1097/2026/H&FWD തീയതി: 14/03/2026
3.സ.ഉ.(സാധാ) നം.1369/2026/H&FWD തീയതി : 10-04-2026
4.സർക്കുലർ നം. ഇ.എച്ച് 1/31371/2025-ആ.വ.ഡ തീയതി: 13/04/2026
5.ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ
6.കരട് ഉത്തരവ് നം.DHS/11277/2026-EE2 തീയതി: 29/05/2026

**ഉത്തരവ് നം: DHS/11277/2026-EE2 തീയതി: 11-06-2026**

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ 2026 വർഷത്തെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ അപേക്ഷ സമർപ്പിച്ച ജീവനക്കാർ ആരുംതന്നെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുന്നതിനു അർഹരായി കണ്ടില്ല. അപ്രകാരം പ്രസ്തുത അപേക്ഷകർ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുന്നതിനു അർഹരല്ല എന്ന നിഗമനത്തിൽ നടപടികൾ അവസാനിപ്പിച്ച് പരാമർശം(6) പ്രകാരം കരട് നടപടിക്രമം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.ഈ തീരുമാനത്തിൽ ആക്ഷേപം ഉള്ളവർ അപ്പീൽ ഫയൽ ചെയ്യുവാനും ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

പരാമർശം(6) പ്രകാരം പ്രസിദ്ധീകരിച്ച കരട് നടപടിക്രമം സംബന്ധിച്ച് ടി വിഭാഗം ജീവനക്കാരിൽ നിന്നും പൊതുസ്ഥലംമാറ്റ മാനദണ്ഡ അടിസ്ഥാനത്തിലുള്ള അപ്പീൽ അപേക്ഷകൾ ഒന്നും തന്നെ നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ കരട് നടപടിക്രമത്തിൽ ആക്ഷേപങ്ങൾ ഒന്നും തന്നെയില്ല എന്ന് വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ 2026 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച തുടർ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Sandeep K
Date: 11-06-2026
19:03:20

അഡീഷണൽ ഡയറക്ടർ
(മെഡിക്കൽ&ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്:-

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ്:-

1.ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3.ഫയൽ